*" CORRUPTION, A CRIME AGAINST NATION"*

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 04.01.2023**

# "കൈക്കൂലി വാങ്ങുന്നതിനിടെ വില്ലേജ് ഫീൽഡ് അസ്സിസ്റ്റന്റ് വിജിലൻസ് പിടിയിൽ"

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ വെങ്കിടങ്ങ് വില്ലേജ് ഓഫീസിലെ ഫീൽഡ് അസ്സിസ്റ്റന്റ് അജികുമാറിനെയാണ് 1000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് കയ്യോടെ പിടികൂടിയത്.

തൃശ്ശൂർ ജില്ലയിലെ മേച്ചേരിപ്പടി സ്വദേശിയായ ശ്രീ സുനീഷിന്റെ അമ്മയുടെ പേരിലുള്ള 7.5 സെന്റ് വസ്തുവിന്റെ രജിസ്ട്രേഷൻ ആവശ്യത്തിനായി വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കേണ്ട പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന ROR സർട്ടിഫിക്കറ്റും, സ്കെച്ചും ലഭിക്കുന്നതിലേക്ക് ആധാരം എഴുത്തുകാർ മുഖേന കഴിഞ്ഞ മാസം ശ്രീ സുനീഷ് അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് സ്ഥലം പരിശോധനക്ക് എത്തിയ സമയം വില്ലേജ് ഫീൽഡ് അസ്സിസ്റ്റന്റായ അജികുമാർ 3000/- രൂപ കൈക്കൂലിയായി ആവശ്യപ്പെടുകയും ആധാരം എഴുത്തുകാർ മുഖേന 2000/- രൂപ ഇക്കഴിഞ്ഞ 29-ാം തീയ്യതി നൽകുകയും ചെയ്തു. തുടർന്ന് ബാക്കി 1000/- രൂപ ഭൂമിയുടെ രജിസ്ട്രേഷൻ കഴിഞ്ഞ ഉടനെ എത്തിക്കണമെന്നും അജികുമാർ ആവശ്യപ്പെട്ടു.

ശ്രീ സുനീഷ് ഈ വിവരം വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064-ൽ വിളിച്ച് വിജിലൻസ് ആസ്ഥാനത്ത് അറിയിക്കുകയും വിജിലൻസ് ആസ്ഥാനത്തെ ഇന്റലിജൻസ് വിഭാഗം പോലീസ് സൂപ്രണ്ട് ശ്രീ ഇ എസ് ബിജുമോൻ അജികുമാറിനെ ട്രാപ് ചെയ്യുന്നതിനുള്ള നിർദ്ദേശം തൃശ്ശൂർ വിജിലൻസ് യൂണിറ്റ് DySP ശ്രീ. ജിംപോളിന് കൈമാറുകയും ചെയ്തു.

ശ്രീ. ജിംപോളിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (04-01-2023) വൈകിട്ട് 4.45 മണിയോടെ വെങ്കിടങ്ങ് വില്ലേജ് ഓഫീസിനു മുൻപിൽ വച്ച് ശ്രീ സുനീഷിൽ നിന്നും ബാക്കി 1000/- രൂപ കൈക്കൂലി വാങ്ങുമ്പോൾ അജികുമാറിനെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റിലായ പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ വിജിലൻസ്, തൃശ്ശൂർ യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ ജിംപോളിനെ കൂടാതെ ഇൻസ്പെക്ടർമാരായ അനീഷ്, പ്രദീപ് കുമാർ, സബ് ഇൻസ്പെക്ടർമാരായ കുമാരൻ, പ്രദീപ് എസ് സി. പി ഒ സന്ധ്യ സിപിഒ മാരായ വിബീഷ്, സൈജുസോമൻ, അരുൺ ഡ്രൈവർ സി പി ഒ എബി എന്നിവരടങ്ങിയ വിജിലൻസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.